# നമ്മുടെ കേരളം എങ്ങോട്ട്?

**സി. ആർ. നീലകണ്ഠൻ നമ്പൂതിരി**

ഇപ്പോൾ വീണ്ടും വൈദ്യുതി നിരക്ക് കൂട്ടി. ഒരു മാസം മുമ്പ് നാടാകെ തീപ്പിടിച്ച സമരങ്ങൾ നടത്തിയവരെയൊന്നും കാണാനില്ല. അനുഷ്ഠാനസമരങ്ങൾ ഉണ്ടായേക്കാം. എഡിബി നിർദ്ദേശപ്രകാരമാണ് നിരക്കുയർത്തിയതെന്ന് കഴിഞ്ഞ തവണ പറഞ്ഞ അച്യുതാനന്ദനും വെളിയം ഭാർഗ്ഗവനും രംഗം വിട്ട മട്ടാണ്. അന്ന് ഇവരുടെ പാർട്ടികൾ ഒറ്റക്ക് നടത്തിയ സമരത്തിന്റെ ലക്ഷത്തിലൊരംശം തീവ്രത പോലും ഇപ്പോഴത്തെ സമരത്തിനില്ല. വൈദ്യുതി നിരക്ക് കൂട്ടുന്നത് അനിവാര്യമാണെന്ന് ലീഡറടക്കമുള്ള ഭരണകക്ഷി നേതാക്കളെ ഒരൊറ്റദിവസത്തെ ചർച്ച കൊണ്ട് ബോദ്ധ്യപ്പെടുത്താനും കഴിഞ്ഞു. ഇതെന്താ ഇങ്ങനെയെന്ന് നമ്മൾ സംശയിച്ചാൽ അതിൽ കുറ്റം കണ്ടെത്താനാവുമോ? ഇക്കണ്ടതെല്ലാം ഒരു അടവുനയമായിരുന്നുവോ? അതിനനുസരിച്ച് മുൻകൂട്ടി തയ്യാറാക്കപ്പെട്ട നാടകമായിരുന്നുവോ?

തൊഴിലാളികളെ പിരിച്ചുവിടില്ലെന്നും അവരുടെ ആനുകൂല്യങ്ങൾ കുറക്കില്ലെന്നും സർക്കാർ സമ്മതിച്ചാൽ വിപ്ലവ ട്രേഡ് യൂണിയനുകൾക്കും സന്തോഷം. വൈദ്യുതി വില കൂട്ടിയില്ലെങ്കിൽ ജീവനക്കാരുടെ എണ്ണവും വേതനവും കുറയ്ക്കുമെന്ന ഭീഷണിപ്പെടുത്തിയപ്പോഴാണത്രേ, ഇടതുപക്ഷ വിപ്ലവപാർട്ടികൾ മിണ്ടാതായത്. അവർക്കും 'തൊഴിലാളി'വർഗ്ഗത്തിനും സംതൃപ്തി.

ഇപ്പോഴത്തെ നിരക്ക് അൽപ്പം കുറവാണെന്ന് ആരും ആശ്വസിക്കേണ്ടതില്ല. ഇത് വെറും ഒന്നാം ഗഡു മാത്രം. ബോർഡിന്റെ 'നഷ്ടക്കണക്ക് പഴയതുതന്നെയായതിനാൽ അത് ഇല്ലാതാക്കുന്നത്രേ. നിരക്കുയർത്തേണ്ടിവരും.' അത് പിന്നെ. എന്നാൽ ഈ 'ഏഴടി മുന്നോട്ട്, മൂന്നടി പിറകോട്ട്' എന്ന അടവിലൂടെ കേരളത്തിലെ ഭരണകൂടം (ഇതിൽ ഭരണ പ്രതിപക്ഷ കക്ഷികൾ പെടും) നേടിയതെന്താണ്? താപവൈദ്യുതി വിലക്കൂടുതലായതിനാലാണ് നിരക്ക് വർദ്ധനയെന്ന് പറഞ്ഞതിന്റെ കൂടെ കെ.പി.പി നമ്പ്യാരുടെ കണ്ണൂർ താപനിലയത്തിന് അനുമതി കൊടുത്തത് മാത്രമല്ല. കേരളത്തിന്റെ കിഴക്കൻ മലയോരത്ത് 150 ജലവൈദ്യുതപദ്ധതികൾ സ്വകാര്യ മേഖലയിൽ നിർമ്മിക്കാൻ അനുമതി നൽകിയിരിക്കുകയാണ്. (ഒന്നാം പേജ് കാണുക)

### കാറ്റു മാത്രമല്ല.....കടൽത്തീരവും.....

കേരളത്തിന്റെ അനന്തവികസനത്തിനായി വിൽക്കുന്നത് കാട് മാത്രമല്ല, ധാതു ദ്രവ്യങ്ങൾ കൊണ്ട് സമ്പന്നമായ ദക്ഷിണകേരളത്തിലെ കടലോരമണൽ കൂടിയാണ്. ഇതിന് വിദേശനിക്ഷേപം തന്നെ അനുവദിക്കുന്നതാണെന്ന് മുഖ്യമന്ത്രി പറയുന്നു. പൊതുമേഖലാ സ്ഥാപനങ്ങളായ ഇന്ത്യൻ റെയ്ർ എർത്ത്സിനും ചവറയിലെ കേരളാ മിനറൽസ് ആന്റ് മെറ്റൽസിനും നൽകിയിട്ടുള്ള എട്ട് സൈറ്റുകളൊഴികെയുള്ളവയാണ് വിൽക്കുന്നത്. വെറും ഖനനത്തിന് നൽകില്ലെന്നും 'മൂല്യവർദ്ധിത' ഉൽപ്പന്നങ്ങളാക്കി മാറ്റുന്നവർക്കുമാത്രമേ അധികാരം നൽകൂവെന്നും മുഖ്യമന്ത്രി പറയുന്നത് കേട്ട് ആശ്വസിക്കേണ്ടതില്ല. മണൽ കുഴിച്ചെടുത്ത് അരിച്ച് ചാക്കുകളിലാക്കിയാൽത്തന്നെ 'മൂല്യവർദ്ധിത'മായി. മുഖ്യമന്ത്രി സത്യസന്ധനുമായി. ഈ ഖനനം സൃഷ്ടിക്കുന്ന പ്രത്യാഘാതം വളരെ വലുതാണ്. കടൽത്തീരം മത്സ്യത്തൊഴിലാളികളുടേതല്ലാതാകും. തീരം താഴുന്നതോടെ കേരളത്തിന്റെ ഭൂഗർഭ ജലസമ്പത്തിൽ (ജല ടേബിളിൽ) ഉണ്ടാകുന്ന വ്യത്യാസം ആരും കണക്കാക്കിയിട്ടില്ല! പക്ഷെ അതൊക്കെ അഞ്ചു പത്ത് വർഷത്തിനുശേഷമുള്ള കാര്യമല്ലേ?

. അന്ന് കേരളമുണ്ടാകണമെന്ന് ആർക്കാണാഗ്രഹം?